പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3020 — 22.06.2012-ൽ മറുപടിയ്ക്ക്

വെളിച്ചെണ്ണ വിലത്തകർച്ച കേരകർഷകർ പ്രതിസന്ധിയിൽ

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) പാമോയിലിനേക്കാൾ വെളിച്ചെണ്ണയ്ക്ക് അനുഭവപ്പെടുന്ന വിലത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) 30 ലക്ഷത്തോളം വരുന്ന കേരകർഷകർ കടുത്ത പ്രതിസന്ധിയിലായിരിക്കുന്നതിൻമേൽ നിലവിൽ ഇവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;<br><br>സി) വിലത്തകർച്ച മാസങ്ങളായി തുടരുന്നതിനാൽ നാളികേര സംഭരണം ഫലപ്രദമായി വിലയിരുത്തി അതിൻമേൽ അടിയന്തിര നടപടി സ്വികരിക്കുന്നതിന് തയ്യാറാകുമോ? | ബി&സി ) കൊപ്രയുടെ പ്രൈസ് പോളിസി റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങുന്ന വിശദമായ പഠന റിപ്പോർട്ട്, സംസ്ഥാനം കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൊപ്രയ്ക്കും പച്ച നാളികേരത്തിനും കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതിയിൽ സംസ്ഥാനത്തിന്റെ ആശങ്കയും കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>കേരകർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളായ നാളികേരത്തിനും കൊപ്രയ്ക്കും |

ന്യായവില ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില പദ്ധതി അനുസരിച്ചുള്ള സംഭരണപരിപാടികൾ കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. നാഫെഡ് കേന്ദ്ര ഏജൻസിയായും കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ സംസ്ഥാനതല ഏജൻസികളായും നടത്തുന്ന പ്രസ്തുത പദ്ധതി അനുസരിച്ച് മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100/- രൂപ നൽകിയും, ഉണ്ട കൊപ്ര ക്വിന്റലിന് 5350/- രൂപ നൽകിയും, തൊണ്ടുകളഞ്ഞ് വെള്ളത്തോട് കൂടിയുള്ള നാളികേരം കിലോയ്ക്ക് 14/- രൂപ നൽകിയും, കർഷകരിൽ നിന്ന് സഹകരണ സംഘങ്ങളിലൂടെയും നാളികേര വികസന ബോർഡിന്റെ കീഴിലുള്ള നാളികേര ഉൽപ്പാദക സംഘങ്ങളിലൂടെയും സംഭരിച്ചു വരുന്നു. കൊപ്ര സംഭരണം മന്ദഗതിയിലാണെന്നും കർഷകർക്ക് പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ല എന്ന് കണ്ടതിനാലും സംഭരണം ശക്തിപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.5.2012-ൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം മേഖലാതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിൽ ഉയർന്ന പരാതിയ്ക്ക് പരിഹാരമായി കൊപ്ര സംഭരണംമൂലം സൊസൈറ്റികൾക്ക് നഷ്ടം നേരി

| | |
|---|---|
| | ടേണ്ടി വരുന്നു എന്ന പരാതിയ്ക്ക് പരിഹാരമായി ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമേ 10 രൂപ കൂടി അധികമായി സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്ന് അനുവദിച്ചുകൊണ്ട് 11.6.2012-ലെ സ.ഉ.(എം.എസ്) 143/2012/ കൃഷി നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കൊപ്ര സംഭരണം 2012 സീസൺ - കൊപ്ര നൽകുന്ന ചാക്കൊന്നിന് പത്ത് രൂപ സബ്സിഡി അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (എൻ.സി.എ.) വകുപ്പ്

സ.ഉ. (എം.എസ്) നം.143/2012/കൃഷി — തിരുവനന്തപുരം, തീയതി:11-06-2012.

---

പരാമർശം :- 1. 03-02-2012 ലെ സ.ഉ.(എം.എസ്)നം.22/2012/കൃഷി.

2. 28-05-2012 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്.

3. 05-06-2012 ൽ കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്.

## ഉത്തരവ്

നാളികേരത്തിന്റെ വിലയിടിവ് മൂലം ബുദ്ധിമുട്ടിലായിരിക്കുന്ന കേരകർഷകരെ സഹായിക്കുന്നതിന്, കേന്ദ്ര സർക്കാർ 2012-ലേക്ക് മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100 രൂപയായും, ഉണ്ട കൊപ്ര ക്വിന്റലിന് 5340 രൂപയായും, പൊതിച്ച പച്ച തേങ്ങ ക്വിന്റലിന് 1400 രൂപയായും താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര ഏജൻസിയായ നാഫെഡ്, സംസ്ഥാനതല നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ് ഫെഡും വഴി കൊപ്രാ സംഭരണം നടത്തി വരികയുമാണ്. എന്നാൽ കൊപ്ര സംഭരണം വളരെ മന്ദഗതിയിലാണെന്നും കേരകർഷകർക്ക് ഇതിന്റെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടതിനാൽ സംഭരണം ശക്തിപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-05-2012 ൽ ഒരു യോഗം ചേരുകയും പ്രൈമറി സൊസൈറ്റികളും നാളികേര ഉത്പാദക സംഘങ്ങളും സംഭരണ പദ്ധതികളോട് വിമുഖത കാണിക്കുന്നതിനാൽ കൊപ്ര സംഭരണത്തിലേർപ്പെട്ടിരിക്കുന്ന സൊസൈറ്റികളുടെ മേഖലാടിസ്ഥാനത്തിലുള്ള യോഗങ്ങൾ വിളിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. അതനുസരിച്ച് 05-06-2012 ൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളടങ്ങിയ തെക്കൻമേഖലയുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ കൊപ്ര സംഭരണത്തിനായി ഉപയോഗിക്കുന്ന ചാക്കൊന്നിന് 40 രൂപയാണെന്നും എന്നാൽ നാഫെഡ് നൽകുന്നത് ചാക്കൊന്നിന് 27 രൂപ മാത്രമാണെന്നും ഇത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് കാരണമാകുന്നുവെന്നും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊപ്ര സംഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സൊസൈറ്റികളുടെ നഷ്ടം നികത്തുന്നതിനും, അവരെ സംഭരണ പ്രക്രിയയിൽ കൂടുതൽ കാര്യക്ഷമമാക്കുവാനും കൊപ്ര

സംഭരണത്തിനുപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമെ പത്ത് രൂപ കൂടി അധികമായി സർക്കാർ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. കൂടാതെ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ള നാളികേര വികസന ബോർഡിന്റെ നാളികേരോത്പാദക സംഘങ്ങൾ (CPS) വഴിയോ സൊസൈറ്റികൾ വഴിയോ കർഷകരുടേതല്ലാത്ത കൊപ്ര (കച്ചവടക്കാർ കുറഞ്ഞ നിരക്കിൽ വാങ്ങിക്കൂട്ടിയിരിക്കുന്ന കൊപ്ര) ഒരു കാരണവശാലും സംഭരിക്കരുത് എന്നു കൂടി നിർദ്ദേശിക്കുന്നു. കേരഫെഡും മാർക്കറ്റ്ഫെഡും ഇത് ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
കെ.ആർ.ജ്യോതിലാൽ,
സെക്രട്ടറി.

The Additional Economic Adviser (CC), Department of Agriculture & Cooperation, Ministry of Agriculture, Government of India, Krishi Bhavan, New Delhi (with Covering Letter).

| | |
|---|---|
| ബ്രാഞ്ച് മാനേജർ, നാഫെഡ്, ബ്രാഞ്ച് ഓഫീസ്, 35, വെയർഹൗസിംഗ് സെന്റർ, ഗാന്ധി നഗർ, കൊച്ചി- 682020. | Fax 0484 2206915 |
| മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, തിരുവനന്തപുരം. | Fax 2326298 |
| മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്, പി.ബി.നം.2024, ഗാന്ധി നഗർ, കൊച്ചി-682020 | Fax 0484 2203375 |
| ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, എസ്.ആർ.വി.എച്ച്.എസ് റോഡ്, കൊച്ചി-682011. | Fax : 0484-2377902 |
| എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം. | Fax 2554714 |
| ചെയർമാൻ, ജനശ്രീ, വഴുതക്കാട്. | Fax: 2332899 |
| കൃഷി ഡയറക്ടർ, തിരുവനന്തപുരം. | Fax 2306219 |
| രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം. | Fax 2331513 |

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
ധനകാര്യ വകുപ്പ്/സഹകരണ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി..

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.